പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 114

14/06/2012 - ൽ
മറുപടിക്ക്

## റേഷൻ സാധനങ്ങളുടെ വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.എസ്.സുനിൽകുമാർ<br>ശ്രീ. പി.തിലോത്തമൻ<br>ശ്രീ. വി.ശശി<br>ശ്രീ. ചിറ്റയം ഗോപകുമാർ | ശ്രീ. അനൂപ് ജേക്കബ്.<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ. സംസ്ഥാനത്തിന് പ്രതിമാസം എത്ര ടൺ അരിയാണ് അനുവദിച്ചിരുന്നത് ; ഇപ്പോൾ പ്രതിമാസം എത്ര ടൺ അരി ലഭിക്കുന്നുണ്ട് ; | (എ) 2011-12 വർഷത്തിൽ പ്രതിമാസം 36056 മെ.ടൺ എ.പി.എൽ അരിയും, 2011 ജൂൺ മുതൽ 2012 മാർച്ച് വരെയുള്ള മാസങ്ങളിലേക്ക് അധിക അഡ്ഹോക് അലോട്ട്മെന്റായി പ്രതിമാസം 15458 മെ.ടൺ എ.പി.എൽ അരിയും, ബി.പി.എൽ വിഭാഗങ്ങൾക്കായി പ്രതിമാസം 26566 മെ.ടൺ അരിയും, 2011 ജനുവരി മുതൽ ജൂൺ വരെയുള്ള കാലയളവിലേക്ക് ആകെ 47210 മെ.ടൺ ബി.പി.എൽ അരിയും തുടർന്ന് 2011 ജൂൺ മുതൽ 2012 മാർച്ച് വരെയുള്ള കാലയളവിലേക്ക് ആകെ 94420 മെ.ടൺ അരിയും അനുവദിക്കുകയുണ്ടായി. 2012-2013 വർഷത്തിൽ പ്രതിമാസം 51514 മെ.ടൺ എ.പി.എൽ അരിയും 26566 മെ.ടൺ ബി.പി.എൽ അരിയും അനുവദിച്ചിട്ടുണ്ട്. 2011-12 വർഷത്തിലും 2012-13 വർഷത്തിലും എ.എ.വൈ വിഭാഗത്തിന് പ്രതിമാസം 20855 മെ.ടൺ അരി വീതമാണ് അനുവദിച്ചിട്ടുള്ളത്. |
| ബി ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് എത്ര കിലോഗ്രാം അരിയാണ് അനുവദിച്ചിരുന്നത്; ഇപ്പോൾ എത്രയാണ് നല്കുന്നത്; | (ബി) ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള കാർഡുടമകൾക്ക് 2011 സെപ്തംബർ 1 മുതൽ പ്രതിമാസം 25 കിലോഗ്രാം അരി വീതം നൽകി വരുന്നു. ഇപ്പോഴും പ്രതിമാസം 25 കിലോഗ്രാം അരി തന്നെയാണ് നൽകുന്നത്. |
| സി) റേഷൻ കടകൾ വഴി കിലോഗ്രാമിന് രണ്ടു രൂപ നിരക്കിലും ഒരു രൂപ നിരക്കിലും അരി വിതരണം നടത്തുന്നുണ്ടോ; എങ്കിൽ പ്രതിമാസം ഇതിനാവശ്യമായി വരുന്ന അരിയുടെ അളവെത്ര. | (സി) ഉണ്ട്.<br><br>ബി.പി.എൽ കാർഡുടമകൾക്ക് പ്രതിമാസം 25 കിലോഗ്രാം വീതം അരി വിതരണം ചെയ്യുന്നതിന് 36500 മെ.ടൺ ആവശ്യമാണ്. എ.എ.വൈ കാർഡുടമകൾക്ക് പ്രതിമാസം 35 കിലോഗ്രാം വീതം അരി വിതരണം ചെയ്യുന്നതിന് 20853 മെ.ടൺ അരി ആവശ്യമാണ്. എ.പി.എൽ വിഭാഗത്തിന് 2 രൂപ നിരക്കിലുള്ള അരി വിതരണം നടത്തുന്നതിനായി പ്രതിമാസം 38222.757 മെ.ടൺ അരി ആവശ്യമുണ്ട്. |

| | | | |
|---|---|---|---|
| ഡി) | റേഷൻ സാധനങ്ങളുടെ വിതരണം കൃത്യമായി നടക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ റേഷൻ സാധനങ്ങൾ കൃത്യമായി വിതരണം ചെയ്യുന്നതിനും വെട്ടിക്കുറച്ച അരി വിഹിതം വീണ്ടെടുക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ ? | ഡി) | ശ്രദ്ധയിൽപെട്ടിട്ടില്ല. ബി.പി.എൽ വിഭാഗങ്ങൾക്കായി അനുവദിച്ചുകൊണ്ടിരുന്ന പ്രതിമാസ അഡ്ഹോക് വിഹിതം ഈ വർഷം കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കാത്തതിനാൽ ആയത് പുനസ്ഥാപിച്ചു കിട്ടുന്നതിനായി കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ